പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:1043

25.01.2018 -ലെ മറുപടിയ്ക്ക്

# തൊഴിൽ മേഖലകളിലെ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.സ്വരാജ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ മേഖലകളിൽ നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശോധനകൾ നടത്തി വരുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ, അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാ തലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. 2017 ൽ 46374 സ്ഥാപന പരിശോധനകൾ നടത്തുകയും 6089 പ്രോസിക്യൂഷനും 558 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരം പരിശോധനകൾ അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ; | സി) നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ നടപടികളിൽ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) വഴി ബന്ധിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് ഓൺലൈൻ ആയി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ സ്ഥാപന പരിശോധന |

കൂടാതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഇൻസ്പെക്ടർമാർക്ക് പരിശോധിക്കുന്നതിനും സാധിക്കുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. ടി സംവിധാനങ്ങൾ ഏർപ്പെടുത്തിയതു വഴി സ്ഥാപന പരിശോധനകൾ കൂടുതൽ സുതാര്യവും അഴിമതി രഹിതവും ആയി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ഇത്തരം പരിശോധനകൾ പലപ്പോഴും സ്ഥാപന ഉടമകളെ ചൂഷണം ചെയ്യുന്ന തലത്തിലേക്ക് മാറുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ)ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇ) ഇക്കാര്യത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

Sreekala

**സെക്ഷൻ ഓഫീസർ**